## പതിമൂന്നാം കേരളനിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 303** — **08.02.2016-ൽ മറുപടിക്ക്**

### റമീസ്.A.P. എന്ന കുട്ടിയെ അകാരണമായി പോലീസ് മർദ്ദിച്ച സംഭവം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എളമരം കരീം** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ബേപ്പൂർ മണ്ഡലത്തിലെ നല്ലളത്ത് ശ്രീ. എ. പി. മുഹമ്മദ് ബഷീറിന്റെ മകൻ റമീസ്.A.P. (16 വയസ്സ്) എന്ന കുട്ടിയെ അകാരണമായി പോലീസ് മർദ്ദിച്ചത് സംബന്ധിച്ച് രക്ഷിതാവിന്റെ പരാതി ലഭിച്ചിട്ടുണ്ടോ; | (എ) ലഭിച്ചിട്ടുണ്ട്. |
| (ബി) മർദ്ദനമേറ്റ റമീസ്.A.P. എന്ന കുട്ടി അവശനിലയിൽ കിടപ്പിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) കുറ്റക്കാരായ പോലീസുകാരെ കണ്ടെത്തി നടപടി സ്വീകരിക്കുമോ; | (സി) ഇതു സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചെറുവണ്ണൂർ പോലീസ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണത്തിൽ പോലീസ് ഉദ്യോഗസ്ഥർ ആരെങ്കിലും കുറ്റക്കാരാണെന്ന് കണ്ടെത്തുകയാണെങ്കിൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) മർദ്ദനത്തിനിരയായി ചികിത്സയിൽ കഴിയുന്ന റമീസ് എന്ന കുട്ടിക്ക് ചികിത്സാ സഹായം അനുവദിക്കുമോ? | (ഡി) ഇതു സംബന്ധിച്ച് തീരുമാനമൊന്നും ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ